അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും ആയത് ഗവണ്മെന്റ് പരിശോധിച്ചുവരികയുമാണ്.

(ഡി) ദർശനത്തിന് വരുന്ന ഭക്തജനങ്ങൾക്ക് മുഴുവൻ ദേവസ്വം ബോർഡ് ഭക്ഷണം നൽകുക പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. പമ്പയിലും ശബരിമലയിലും പല സന്നദ്ധ സംഘടനകളും സൗജന്യഭക്ഷണം നൽകുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്.

തേനീച്ച വ്യവസായം പുനർജീവിപ്പിക്കുന്നതിന് നടപടി

71 (366)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന തേനീച്ച വ്യവസായത്തെ പുനർജീവിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് തേനീച്ച കർഷകർ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവരുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്രസഹായത്തോടെ ഒരു പദ്ധതി 94-95, 95-96, 96-97 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 97-98 വർഷം തുടങ്ങി, കേന്ദ്ര സർക്കാർ ഈ പദ്ധതിക്ക് ധനസഹായം നേരിട്ട് തേനീച്ച വളർത്തൽ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

(സി) കർഷകരുടെ നിവേദനങ്ങളൊന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

72 (375)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആയി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ സംവിധാനം എന്തൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ കൗൺസിലിന്റെ ആസ്ഥാനം എവിടെയാണ്; കൗൺസിൽ രൂപീകൃതമാവുമ്പോൾ ഇപ്പോൾ കെ.എച്ച്.ഡി.പി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കൗൺസിലിന്റെ കീഴിൽ കൊണ്ടുവരുമോ;

LIBRARY ARCHIVES Kerala Legislative Assembly